**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4552** **10-08-2021 - ൽ മറുപടിയ്ക്ക്**

**ട്രാൻസ്ജെൻഡർ ഹെൽപ്പ് ലൈൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ട്രാൻസ്ജെൻഡറുകളുടെ സഹായാർത്ഥം ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന ട്രാൻസ്ജെൻഡർ ഹെൽപ്പ് ലൈൻ ആൻഡ് ക്രൈസിസ് ഇന്റർവെൻഷൻ സെന്ററുകൾ ആരംഭിക്കുമോ; വ്യക്തമാക്കുമോ ? | (എ) | (എ) വിവിധ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് നിയമ സഹായവും, കൗൺസിലിംഗ് സേവനവും നല്കുന്നതിലേയ്ക്കായി വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന തലത്തിൽ 24* 7 ഹെൽപ്പ് ലൈൻ സംവിധാനവും, ക്രൈസിസ് മാനേജ്മെന്റ് സെന്ററും സാമൂഹ്യനീതി ഡയറക്ടറേറ്റിൽ പ്രവർത്തിച്ചു വരുന്നുണ്ട്. സാമൂഹ്യനീതി ഡയറക്ടറേറ്റിലെ ട്രാൻസ്ജെൻഡർ സെല്ലിൽ പ്രവർത്തിക്കുന്ന പ്രസ്തുത ഹെല്പ്പ് ലൈനിന്റെ പ്രവർത്തനം സംസ്ഥാനത്തെ മുഴുവൻ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും ലഭിയ്ക്കുന്നതാണ്. ലഭിക്കുന്ന പരാതികൾക്ക് ഉചിതമായ നടപടികൾ വകുപ്പ തലത്തിൽ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ പോലീസിന്റെ സേവനം ആവശ്യമായി വരുന്ന സാഹചര്യത്തിൽ ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഉണ്ടാകുന്ന ക്രൈസിസുകളിൽ ആവശ്യമായ അടിയന്തര ഇടപെടലുകൾ നടത്തുന്നതിനും, ഉചിതമായ പരിഹാരം കാണുന്നതിനും സംസ്ഥാന തലത്തിൽ ക്രൈസിസ് ഇന്റർവെൻഷൻ ഹെല്പ്പ് ലൈൻ സ്ഥാപിക്കുന്നത് സംബന്ധിച്ച സാധ്യത പരിശോധിക്കുന്നതിന് 23.07.2021 ൽ ചേർന്ന സംസ്ഥാന ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ് യോഗത്തിൽ തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, ടി വിഷയത്തിൽ വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ